## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 406** — **04-07-2024 - ൽ മറുപടിയ്ക്ക്**

## ഫയൽ അദാലത്തുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജ് ഓഫീസുകൾ മുതൽ ഡയറക്ടറേറ്റ് വരെ കാലങ്ങളായി തീർപ്പ് കൽപ്പിക്കാതെ കിടന്നിരുന്ന ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ ഫയൽ അദാലത്തുകൾ മുഖേന കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ഉടൻ 2021-ൽ റവന്യൂ വകുപ്പിൽ കുടിശ്ശികയായ ഫയലുകൾ തീർപ്പാക്കുന്നതിനായി ഒരു ഫയൽ അദാലത്ത് നടത്തിയിരുന്നു. അയതിന് തുടർച്ചയായി ഫയൽ തീർപ്പാക്കലിൽ വകുപ്പ് മേധാവി തലത്തിലും ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിലും കൃത്യമായ മേൽനോട്ടം വഹിക്കുകയും നിശ്ചിത ഇടവേളകളിൽ നിർദ്ദേശങ്ങൾ നൽകുകയും ജില്ലാകളക്ടർമാരുമായി യഥാസമയം യോഗങ്ങൾ ചേരുകയും പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ആകെ 20,21,088 ഫയലുകളാണ് 31.12.2021 വരെ റവന്യൂ വകുപ്പിൽ കുടിശ്ശികയായി ശേഷിച്ചിരുന്നത്. അതിൽ 10,13,272 ഫയലുകൾ തീർപ്പാക്കി. (50.13 ശതമാനം) 10.10.2022-ലെ കണക്ക് പ്രകാരം നമ്പർ 27.എ, എൽ.ആർ.എം, എൽ.എ., റ്റി.എൽ.ബി, എൽ.റ്റി എന്നീ വിഷയങ്ങളിലൊഴികെ 8,88,982 ഫയലുകളും നമ്പർ 27എ, എൽ.ആർ.എം., എൽ.എ, റ്റി.എൽ.ബി., എൽ.റ്റി. എന്നീ വിഷയങ്ങളിൽ മാത്രമായി 1,24,290 ഫയലുകളും തീർപ്പായിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഫയൽ അദാലത്തുകളിൽ നിലവിൽ നടന്നു വരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | 04.06.2022-ലെ സ.ഉ(കൈ)നം.11/2022/ പി&എ.ആർ.ഡി സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ തലത്തിൽ 2022 ജൂൺ 15 മുതൽ സെപ്റ്റംബർ 30 വരെ ഫയൽ അദാലത്ത് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ, റവന്യൂ വകുപ്പിലും ഫയൽ അദാലത്ത് നടന്നിരുന്നു. 2023 - ലും 2024 ലും അത്തരം അദാലത്തുകൾ നടത്തുന്നതിന് പകരമായി സബ് ഓഫീസ് തലത്തിൽ വിഷയാധിഷ്ഠിതമായ അദാലത്തുകൾ സംഘടിപ്പിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | അഞ്ചു വർഷത്തിലധികം പഴക്കമുള്ള ഫയലുകളും, ദീർഘനാളായി തീരുമാനമാകാത്ത ഫയലുകളും തീർപ്പാക്കാനുള്ളത് ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി നിലവിൽ വന്ന സാഹചര്യത്തിൽ ഭൂമി തരംമാറ്റ അപേക്ഷകളിൽ തീരുമാനമെടുക്കുന്നത് ത്വരിതപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ത്വരിതപ്പെട്ടിട്ടുണ്ട്.<br><br>തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിനായി ആർ.ഡി.ഒ തലത്തിൽ അദാലത്തുകൾ ഉൾപ്പെടെയുള്ളവ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ 27 ഡിവിഷണൽ ഓഫീസുകളിലായി ഓഫ് ലൈനായി 2,26,901 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും 2,23,241 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്. തീർപ്പാക്കൽ ശതമാനം 98.39% ആണ്. ഓൺലൈനായി 4,52,215 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും 1,78,620 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്.<br><br>07.06.2024-ന് വിജ്ഞാപനം ചെയ്ത 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 2 ഉപവകുപ്പ് (XV എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പ കൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, 27 ആർ.ഡി.ഒ.-മാർക്ക് ഉണ്ടായിരുന്ന അധികാരം സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ 71 ഡെപ്യൂട്ടി കളക്ടർമാരിലേക്ക് വികേന്ദ്രീകരിച്ച് കൂടി നൽകിക്കൊണ്ട് സ.ഉ. (അച്ചടി) നം. 140/2024/ ആർ.ഡി തീയതി 27.6.2024, സ.ഉ. (അച്ചടി) നം. 142/2024/ആർ.ഡി തീയതി 28.06.2024 എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. 2024 ജൂലൈ 1 മുതലാണ് ഇത്തരത്തിലുള്ള വികേന്ദ്രീകരണം നടപ്പിൽ വന്നത്. ഭൂമിതരം മാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ താലൂക്കുകളിലെ തരംമാറ്റ അപേക്ഷകളിൽ ചുമതലക്കാരായി ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ടുള്ള ഈ ഉത്തരവുകളിലൂടെ, അപേക്ഷകളിൽ തീരുമാനം എടുത്ത് ദ്രുതഗതിയിൽ തീർപ്പാക്കുന്നതിന് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ